പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1959 — 22-03-2012-ൽ മറുപടിക്ക്.

## എൻഫോഴ്സ്മെന്റ് പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുരളീധരൻ :<br>ശ്രീ. വി. പി. സജീന്ദ്രൻ :<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) മയക്കുമരുന്നുകൾക്കെതിരെ എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തമാക്കുവാൻ ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | (എ) എക്സൈസ് എൻഫോഴ്സ്മെന്റ് ആന്റി നാർക്കോട്ടിക് സ്പെഷ്യൽ സ്വാഡുകൾ, മയക്കുമരുന്നു കടത്ത്, വില്പന എന്നിവ തടയുന്നതിന് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനം നടത്തി വരുന്നു. കൂടാതെ, ജില്ല, താലൂക്ക്, നിയോജകമണ്ഡല, പഞ്ചായത്ത് തല ജനകീയ കമ്മിറ്റികൾ രൂപീകരിച്ച്, പൊതുജനങ്ങൾക്കിടയിൽ വ്യാപകമായ ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നു. |
| (ബി) ശക്തമായ എൻഫോഴ്സ്മെന്റിന്റെ ഫലമായി വ്യാജമദ്യത്തിന്റെ വിതരണം തടയുവാൻ കഴിഞ്ഞുവെന്ന് സർക്കാർ കരുതുന്നുണ്ടോ; | (ബി) ഉണ്ട്. |
| (സി) എക്സൈസ് വകുപ്പിൽ എൻഫോഴ്സ്മെന്റിന്റെ ചുമതല ഏതൊക്കെ ഉദ്യോഗസ്ഥൻമാർക്കാണ് നൽകിയിട്ടുള്ളത്; ഇവരുടെ പ്രവർത്തനം കാലാകാലങ്ങളിൽ വിലയിരുത്തുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (സി) എക്സൈസ് കമ്മീഷണർ മുതൽ എക്സൈസ് ഗാർഡു വരെയുള്ള ഉദ്യോഗസ്ഥൻമാർക്ക് എൻഫോഴ്സ്മെന്റിന്റെ ചുമതല നൽകിയിട്ടുണ്ട്. ഇവരുടെ പ്രവർത്തനം വിലയിരുത്തപ്പെടുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ